STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No. 54/PR/SPMC/PHQ/2023 Date: 21.05.2023

## ഡ്രോണുകളുടെ പ്രത്യേകതകളും പ്രവർത്തനവും അറിയാം; എന്റെ കേരളം എക്സിബിഷനിലെ പോലീസ് സ്റ്റാളിൽ

ആകാശനിരീക്ഷണം നടത്തി ആൾക്കൂട്ടത്തിൽ നിന്ന് കൃത്യമായി ഒരാളെ കണ്ടെത്താൻ കഴിയുന്ന സർവൈലൻസ് ഡ്രോണുകളും അവയുടെ പ്രത്യേകതകളും അറിയാം, തിരുവനന്തപുരം കനകക്കുന്നിൽ നടക്കുന്ന എന്റെ കേരളം മെഗാ എക്സിബിഷനിലെ പോലീസ് സ്റ്റാളിലെത്തിയാൽ. കേരള പോലീസിന്റെ സ്വന്തം ഡ്രോൺ ഫോറൻസിക് ലാബിൽ വികസിപ്പിച്ചെടുത്ത വിവിധതരം ഡ്രോണുകളാണ് പ്രദർശനത്തിലുള്ളത്.

നിർമ്മിതബുദ്ധി അധിഷ്ഠിതമായി പ്രവർത്തിക്കുന്ന സർവൈലൻസ് ഡ്രോണുപയോഗിച്ച് കൃത്യതയോടെ കുറ്റവാളികളെ വലയിലാക്കാൻ പോലീസിനാകും. ആയിരങ്ങൾ അണിനിരക്കുന്ന ഉത്സവാഘോഷങ്ങളിലും സമരമുഖത്തുമെല്ലാം അതിവേഗം കുറ്റവാളികളിലേക്കെത്താൻ ഇത്തരം ഡ്രോണുകൾ പോലീസിനെ സഹായിക്കും. എണ്ണിയാലൊടുങ്ങാത്ത ആൾക്കൂട്ടമെന്ന് കരുതുന്ന ജനസമുദ്രത്തിൽ കൃത്യമായി എത്രപേരുണ്ടെന്ന് നിമിഷനേരം കൊണ്ട് നിർമ്മിത ബുദ്ധിയിലൂടെ എണ്ണിയെടുത്തു നൽകാനും ഇവയ്ക്കാകും.

ഫെയ്സ് റെക്കഗ്നൈസേഷൻ സംവിധാനമുള്ള ക്യാമറകൾ ഉൾപ്പെടെയാണ് ഇവയുടെ പ്രവർത്തനം. പോലീസിന് വേഗം എത്തിപ്പെടാൻ കഴിയാത്ത സ്ഥലങ്ങളിൽ ഡ്രോണുകൾ ഉപയോഗിച്ച് ജനങ്ങൾക്ക് സുരക്ഷാ നിർദ്ദേശങ്ങൾ നൽകുന്നതെങ്ങനെയെന്നും ഇവിടെനിന്നറിയാം.

ജലാശയങ്ങളിൽ നടക്കുന്ന കുറ്റകൃത്യങ്ങൾ നിരീക്ഷിക്കാനും അപകടങ്ങളുണ്ടായാൽ രക്ഷാപ്രവർത്തനത്തിന് സഹായിക്കാനും കഴിയുന്ന അണ്ടർ വാട്ടർ ഡ്രോണും പ്രദർശനത്തിലുണ്ട്. വെള്ളത്തിനടിയിൽ നിരീക്ഷണം നടത്തി കൃത്യമായ സ്ഥലം കണ്ടെത്തി രക്ഷാപ്രവർത്തനം വേഗത്തിലാക്കാൻ പോലീസിനെ സഹായിക്കുന്നവയാണ് ഇത്തരം ഡ്രോണുകൾ. കൂടാതെ, കുറ്റവാളികൾ പോലീസിനെ കബളിപ്പിച്ച് വെള്ളത്തിൽ മുക്കിക്കളയുന്ന തൊണ്ടിമുതലുകൾ ഏത് ഭാഗത്ത് എത്ര ആഴത്തിലാണ് ഉള്ളതെന്ന് കൃത്യമായി കണ്ടെത്താനാകും എന്നതാണ് ഇവയുടെ മറ്റൊരു പ്രത്യേകത. വെള്ളളത്തിനടിയിലെ വസ്തുവിന്റെ വ്യക്തമായ ഫോട്ടോ ഉൾപ്പെടെ ലഭിക്കുന്നതിനാൽ പോലീസ് നിരീക്ഷണം സുഗമമാക്കാനും കഴിയും.

ഉരുൾപൊട്ടൽ പോലെയുള്ള പ്രകൃതിദുരന്തങ്ങളിൽ ഒറ്റപ്പെട്ടുപോകുന്ന ഭൂപ്രദേശങ്ങളിലേയ്ക്ക് മരുന്നും ഭക്ഷണവും ഉൾപ്പെടെയുള്ള അവശ്യസാധനങ്ങൾ അതിവേഗം എത്തിക്കാൻ കഴിയുന്ന ഹെവി ലിഫ്റ്റ് ഡ്രോണുകളും പോലീസ് സ്റ്റാളിൽ കാണാം. പത്തു മുതൽ പതിനഞ്ചു കിലോഗ്രാം വരെ ഭാരം വഹിക്കാൻ കഴിയുന്ന ഈ ഡ്രോണുകൾ ഉപയോഗിച്ച് പത്ത് കിലോമീറ്റർ ചുറ്റളവിൽ നിരീക്ഷണം നടത്തി സഹായമെത്തിക്കാൻ പോലീസിനാകും. ഇവയ്ക്കുപുറമെ ഡ്രോൺ ഫോറൻസിക് ലാബിൽ പോലീസ് ഉദ്യോഗസ്ഥരുടെ പരിശീലന ആവശ്യങ്ങൾക്കായി നിർമ്മിച്ചിരിക്കുന്ന ഡ്രോണുകളും പരിചയപ്പെടാൻ അവസരമുണ്ട്.

വിവിധതരം ഡ്രോണുകളുടെ പ്രത്യേകതകളും അവയുടെ പ്രവർത്തനവുമെല്ലാം ഡ്രോൺ പൈലറ്റ് പരിശീലനം ലഭിച്ച പോലീസ് ഉദ്യോഗസ്ഥർ വ്യക്തമായി വിശദീകരിച്ചുനൽകും. ഡ്രോൺ ഫോറൻസിക് ലാബ് ആന്റ് റിസർച്ച് സെന്ററിലെ ഓപ്പറേഷൻസ് ഓഫീസർ കൂടിയായ സൈബർ പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ എസ്.പി. പ്രകാശിന്റെ നേതൃത്വത്തിലുള്ള അഞ്ചു പോലീസ് ഉദ്യോഗസ്ഥരാണ് പോലീസിന്റെ ഡ്രോൺ സാങ്കേതികവിദ്യയും ഉപകരണങ്ങളും പൊതുജനങ്ങളെ പരിചയപ്പെടുത്തുന്നത്.

**ഫോട്ടോക്യാപ്ഷൻ:** തിരുവനന്തപുരം കനകക്കുന്നിൽ നടക്കുന്ന എന്റെ കേരളം മെഗാ എക്സിബിഷനിലെ ഡ്രോൺ ഫോറൻസിക് ലാബ് ആന്റ് റിസർച്ച് സെന്ററിന്റെ സ്റ്റാളിൽ പോലീസ് ഡ്രോണുകൾ കൗതുകത്തോടെ വീക്ഷിക്കുന്നവരുടെ വിവിധ ദൃശ്യങ്ങൾ.

***********************************